**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4324** **28-10-2021 - ൽ മറുപടിയ്ക്ക്**

**അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്കുവേണ്ടി ഇതുവരെ ഏതെല്ലാം തരത്തിൽ തുക ചെലവാക്കിയെന്നതിന്റെ വിശദാംശം അറിയിക്കാമോ; | (എ) | അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്കുവേണ്ടി പര്യവേഷണ പഠനങ്ങൾക്കും, പരിസ്ഥിതി ആഘാത പഠനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും, വനഭൂമി വിട്ടുകിട്ടുന്നതിന് പരിഹാര വനവൽക്കരണത്തിനു വേണ്ടിയും, വന ഭൂമിയിൽ നിന്ന് മരങ്ങൾ മുറിച്ച് മാറ്റുന്നതിന് തടി വിലയും, ബന്ധപ്പെട്ട മന്ത്രാലയങ്ങളുടെ യോഗങ്ങളിൽ പങ്കെടുക്കു ന്നതിനുള്ള ചെലവിനത്തിലും ഉൾപ്പെടെ ഏകദേശം 5.6 കോടി രൂപ ബോർഡിന് വഹിക്കേണ്ടി വന്നിട്ടുണ്ട്. |
| (ബി) | നഷ്ടപ്പെടുന്ന സ്ഥലത്തിന്റെ നഷ്ടപരിഹാരമായി കെ.എസ്.ഇ.ബി. വനം വകുപ്പിന് തുക നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ; | (ബി) | പദ്ധതിക്കായി 138.6 ഹെക്ടർ വനഭൂമി വനേതര പ്രവർത്തനങ്ങൾക്ക് വിട്ടു കിട്ടുന്നതിനുള്ള പരിഹാരവനവൽക്കരണത്തിന് Rs.1,14,76,000/- (ഒരു കോടി പതിനാലു ലക്ഷത്തി എഴുപത്തിയാറായിരം രൂപ മാത്രം) രൂപയും 25.22 ഹെക്ടർ വനഭൂമിയിൽ നിന്നും മരം മുറിച്ചു മാറ്റുന്നതിനുള്ള ചെലവും തടി വിലയുമായി Rs.4,11,00,000/- (നാലുകോടി പതിനൊന്നു ലക്ഷം രൂപ മാത്രം) രൂപയും വനം വകുപ്പിന് കെ.എസ്.ഇ.ബി ഒടുക്കിയിട്ടുണ്ട്. |
| (സി) | പദ്ധതി ആരംഭിച്ചില്ലെങ്കിൽ പ്രസ്തുത തുക തിരികെ നൽകാമെന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (സി) | പദ്ധതി ആരംഭിച്ചില്ലെങ്കിൽ വനം വകുപ്പിന് കൈമാറിയ തുക തിരികെ ലഭിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതി റദ്ദ് ചെയ്യാൻ സർക്കാർ തലത്തിൽ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാന സർക്കാർ 2020ൽ പദ്ധതിയുമായിട്ട് മുമ്പോട്ട് പോകാൻ കെ.എസ്.ഇ.ബി ലിമിറ്റഡിന് 7 വർഷം ദൈർഘ്യമുള്ള NOC നൽകിയിട്ടുണ്ട്. സർക്കാർ സമവായത്തിലൂടെ മാത്രമേ പദ്ധതിയുമായി മുന്നോട്ട് പോകുവാൻ ഉദ്ദേശിക്കുന്നുള്ളൂ. |

സെക്ഷൻ ഓഫീസർ